



*Restructured view of the college*





# كلية سبيل الهداية الإسلامية

# Sabeelul Hidaya Islamic College

*Affiliated to Darul Huda Islamic University*

## ചരിത്രം

സി.എച്ച് കുഞ്ഞീൻ മുസ്‌ലിയാർ സ്മാരക ട്രസ്റ്റിനു കീഴിൽ പ്രവർത്തിക്കുന്ന സബീലുൽ ഹിദായ 1986 ൽ ഒരു സെക്കന്ററി മദ്രസയായിട്ടാണ് സ്ഥാപിതമാവുന്നത്. കോഴിക്കോട് വലിയ ഖാളിയായിരുന്ന മർഹൂം സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളാണ് സ്ഥാപനത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചത്. പിന്നീട് 1997 മാർച്ചിലാണ് ദാറുൽഹുദാ ഇസ്‌ലാമിക് അക്കാദമിയുടെ അനുബന്ധ സ്ഥാപനമായി സബീലുൽ ഹിദായ മാറുന്നത്. തുടർന്ന് വിപ്ലവകരമായ ചുവടുവെപ്പുകളുമായി വിദ്യാഭ്യാസ മേഖലയിൽ സ്ഥാപനം അതിദ്രുതം മുന്നോട്ടുനീങ്ങി. ദാറുൽഹുദാ സ്ഥാപനങ്ങൾക്കിടയിൽ പഠനനിലവാരത്തിലും കലാപ്രകടനങ്ങളിലും പ്രതിഭാപ്രകാശനത്തിലും അസൂയാവഹമായ രീതിയിൽ മേൽക്കൈ നേടാൻ സബീലുൽ ഹിദായക്ക് സാധിച്ചിട്ടുണ്ട്.





## സിലബസ്

ദേശാന്തര പ്രശസ്തമായ ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയുടെ സിലബസ് അനുസരിച്ചാണ് സ്ഥാപനം മുന്നോട്ടു നീങ്ങുന്നത്. ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ, തസ്വവ്വുഫ് തുടങ്ങിയ മതകീയ വിജ്ഞാനങ്ങളും ചരിത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം പോലുള്ള ഭൗതിക ശാസ്ത്രങ്ങളും സമന്വയിപ്പിച്ച പാഠ്യക്രമമാണിത്. ലോകത്തെവിടെയുമുള്ള ജനങ്ങളുമായി ആശയവിനിമയം സാധ്യമാക്കുന്നതിന് അറബി, ഇംഗ്ലീഷ്, ഉർദു എന്നീ ഭാഷകളും ഇവിടെ അഭ്യസിക്കപ്പെടുന്നു. പ്രസംഗം, തൂലിക തുടങ്ങിയ പാഠ്യേതര പരിശീലനങ്ങളും ഈ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്. വിദൂര വിദ്യാഭ്യാസ സംവിധാനത്തിലൂടെ യു.ജി.സി അംഗീകാരമുള്ള സർവകലാശാലാ ബിരുദവും നൽകപ്പെടുന്നു.



## ലക്ഷ്യം

മതഭൗതിക വിദ്യാഭ്യാസത്തിലൂടെയും ബഹുഭാഷാ പരിജ്ഞാനത്തിലൂടെയും കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് ആഗോളതലത്തിൽ ഇസ്‌ലാമിക പ്രബോധനവും ദീനീസേവനവും ചെയ്യാൻ പ്രാപ്തരായ പണ്ഡിതവൃന്ദത്തെ വാർത്തെടുക്കുക എന്നതാണ് സ്ഥാപനത്തിന്റെ പരമലക്ഷ്യം. ആഗോള കാഴ്ചപ്പാടും ധൈഷണിക ഉണർവും മതചിട്ടയും ഉൾചേർന്ന ഒരു തലമുറയുടെ പണിപ്പുരയാണ് സബീലുൽ ഹിദായയിൽ ഒരുങ്ങുന്നത്.



## അഡ്മിഷൻ

സമസ്ത കേരളാ ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിന്റെ അഞ്ചാം ക്ലാസ് പാസ്സായവരും പതിനൊന്നര വയസ്സ് കവിയാത്തവരുമായ ആൺകുട്ടികൾക്ക് പ്രവേശന പരീക്ഷയിലൂടെയാണ് സ്ഥാപനത്തിൽ അഡ്മിഷൻ നൽകുന്നത്. ശഅ്ബാൻ 20 മുതൽ റമദാൻ 20 വരെയാണ് അഡ്മിഷൻ അപേക്ഷാ സമയം. www.dhiu.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.











## Sabeelul Hidaya Islamic College

*(Run by: C.H Kunheen Musliar Smaraka Trust)*

Vadee Hidaya, Parappur PO, Kottakkal Via, Malappuram Dt., Kerala - 676503

+91483 2647017, +91 9747394644

www.sabeelulhidaya.info sabeelulhidaya@gmail.com


signo prints vlr_ 9995643214, 9995095249